# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2291 — 10/10/2011-ൽ മറുപടിക്ക്

## പരിയാരം മെഡിക്കൽ കോളേജിലെ പട്ടികവർഗ്ഗ രോഗികളുടെ ചികിത്സ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്ന പട്ടിക വർഗ്ഗക്കാരായ രോഗികളുടെ ചികിത്സാചെലവ് അനുവദിക്കണമെങ്കിൽ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത്; | എ | രോഗി പട്ടികവർഗ്ഗക്കാരനാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ഡോക്ടർ സർട്ടിഫിക്കറ്റ്, ചികിത്സാ ചെലവ് സംബന്ധിച്ച സ്റ്റേറ്റുമെന്റ് എന്നിവയാണ് സമർപ്പിക്കേണ്ട രേഖകൾ. |
| ബി | ഇത് പാവപ്പെട്ട പട്ടികവർഗ്ഗക്കാരുടെ ചികിത്സ നിഷേധിക്കുന്നതിനും ചികിത്സ വൈകുന്നതിനും ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഇല്ല. രോഗി അടിയന്തിര ഘട്ടത്തിൽ പട്ടിക വർഗ്ഗക്കാരനാണെന്ന് തെളിയിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കി ചികിത്സ തേടാവുന്നതും, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/- രൂപയ്ക്ക് മുകളിൽ ആനുകൂല്യം ലഭിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനായി ടി രേഖകൾ ലഭ്യമാക്കിയാൽ മതിയാകുന്നതുമാണ്. |
| സി | പഴയതുപോലെ രോഗികൾക്ക് ചികിത്സ നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ? | സി | മുൻ കാലങ്ങളിലെ പോലെ ചികിത്സ ധനസഹായം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ